LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി

142 (3576) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15, 2015-16 വർഷങ്ങളിൽ, ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം കുളങ്ങൾ നവീകരിക്കുവാനാണ് ഇറിഗേഷൻ വകുപ്പിൽനിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി സർക്കാർ തുടരുന്നുണ്ടോ ;

(സി) ഈ പദ്ധതിയിലേക്ക് 2015-16 വർഷത്തേക്ക് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിന്നും ഏതെല്ലാം കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) 2014-15 വർഷത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം പഞ്ചായത്തിലെ നാറാണത്തുചിറയുടെ പുനരുദ്ധാരണത്തിനായി 20.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. മറ്റ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2015-16 വർഷത്തിൽ നൽകിയ ലിസ്റ്റിൽ അപാകതകൾ പരിഹരിച്ച് പുതുക്കിയ ലിസ്റ്റ് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനിയർ (ജലസേചനവും ഭരണവും) -ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വടകര മാഹി കനാൽ

143 (3577) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-മാഹി കനാലിന്റെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പദ്ധതി പ്രകാരം നിർമ്മിക്കേണ്ട പാലങ്ങൾ എവിടെയൊക്കെയെന്നും അവ നിർമ്മിക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വിശദമാക്കുമോ ;

(സി) വടകര-മാഹി കനാൽ പദ്ധതി പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വടകര-മാഹി കനാലിന്റെ ആദ്യ റീച്ച് മൂഴിക്കൽ (ചെയിനേജ് 450.080 കി.മീ. മുതൽ) കന്നിനട (ചെയിനേജ് 454.800 കി.മീ.) വരെ സംസ്ഥാന ജലപാതയുടെ നിലവാരത്തിൽ പൂർത്തിയായിട്ടുണ്ട്. ദേശീയ ജലപാതയുടെ നിലവാരത്തിൽ എക്സ്കവേഷൻ നടത്തുന്നതിനും ഇരുകരകളുടെയും സംരക്ഷണ പ്രവൃത്തികൾക്കുമുള്ള പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. രണ്ടാം റീച്ച് 454.800 കി.മീ. മുതൽ 457.380 കി.മീ. വരെ പ്രവൃത്തി പൂർത്തിയായിവരുന്നു. മൂന്നാം റീച്ച് (ചെയിനേജ് 457.380 കി.മീ. മുതൽ 460.620 കി.മീ.) കല്ലേരി വരെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 43 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നാലാം റീച്ച് 460.620 കി.മീ. മുതൽ 464.210 കി.മീ. വരെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 93 ശതമാനം പൂർത്തിയായിട്ടുണ്ട്. അഞ്ചാം റീച്ചിൽ 464.210 കി.മീ. മുതൽ 467.690 കി.മീ. വരെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതിൽ 20 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി)

1. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് - 16.95 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ വയ്ക്കുവാനായി ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്.

2. കന്നിനട പാലം - ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ഡി.ആർ. ബി. യിൽനിന്നും ഡിസൈൻ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കോട്ടപ്പള്ളി പാലം - ഐ.ഡി.ആർ.ബി. യിൽനിന്നും ഡിസൈൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

4. പറമ്പിൽ പാലം - റീടെണ്ടർ ചെയ്തു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

5. കല്ലേരി റോഡ് പാലം - റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. വെങ്ങോലി പാലം - ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

7. കളിയാംവള്ളി പാലം - ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ കുമ്മള്ളി ഫൂട്ട് ബ്രിഡ്ജ് ചാത്തോത്ത് പൊയിൽ, നരിക്കിയോത്ത് താഴെ, തച്ചോളി താഴെ, ചാത്തിയോത്ത് പൊയിൽ മസ്ജിദിന് സമീപം, ഒറ്റക്കണ്ടിത്താഴെ എന്നീ സ്ഥലങ്ങളിൽ നടപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന് വയ്ക്കുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാവുന്തൻ നട കണ്ണൻകുട്ടി ഫൂട്ട് ബ്രിഡ്ജ്, തില്ലേരിത്താഴെ, രാജവീഥി കല്ലിൽതാഴെ, പൊതിമാത്തിൽതാഴെ, കുറുവയൽ കരിങ്ങാലിമുക്ക് എന്നീ സ്ഥലങ്ങളിലും നടപ്പാലങ്ങൾ ആവശ്യമുണ്ട്.

(സി) ആദ്യ റീച്ച്: ദേശീയ ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചശേഷം ഒരു വർഷം കൊണ്ട് പൂർത്തിയാകുന്നതും ആയത് പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാവുന്നതുമാണ്.

രണ്ടാം റീച്ചിലെ കോട്ടപ്പുള്ളി പാലത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പണി പൂർത്തിയാക്കിയതിന് ശേഷം മാത്രമേ കമ്മീഷൻ ചെയ്യാൻ കഴിയൂ.

മൂന്നാം റീച്ച്: ഒന്നാം റീച്ച് പൂർത്തീകരിക്കുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും.

നാലും അഞ്ചും റീച്ച് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യണമെങ്കിൽ പാലങ്ങളുടെ കൂടി നിർമ്മാണം പൂർത്തിയാക്കണം. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ സമയബന്ധിതമായി വന്നാൽ പ്രവൃത്തി 2016 ഡിസംബർ മാസത്തോടെ പൂർത്തിയാകും.

ശ്രീ. വി. കെ. മോഹനന്റെ അപേക്ഷ

144 (3578) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജലവിഭവ വകുപ്പിന്റെ എറണാകുളം ഓഫീസിൽ ജോലിയിലിരിക്കെ മരണമടഞ്ഞ ശ്രീ. അജികുമാറിന്റെ മരണാനന്തര ആനുകൂല്യങ്ങൾ അനുവദിച്ചു കിട്ടുന്നതിനും ആശ്രിതയായ സഹോദരിക്ക് ജോലി ലഭിക്കുന്നതിനുമായി പിതാവ് ശ്രീ. വി. കെ. മോഹനൻ, വലിയപറമ്പിൽ, അതിരപ്പിള്ളി സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly